## ഗ്രാമവികസന കമ്മീഷണറേറ്റിലെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

(ഹാജർ : നജീബ് എച്ച്.)

സംഗ്രഹം

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - സീനിയർ ക്ലാർക്കുമാരുടെ സീനിയോരിറ്റി നമ്പർ പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

| ഉത്തരവ് നം.5505/എസ്റ്റാ.സി.3/2020/സിആർഡി | തീയതി: 24/12/2020 |
|---|---|

പരാമർശം:- 1. തിരുവനന്തപുരം എ.ഡി.സി.(ജ) ന്റെ 23.07.2019-ലെ ഡി2/1683/2019 നമ്പർ കത്ത്.
2. 07.05.2019-ലെ 2728/എസ്റ്റാ. സി3/2018/സിആർഡി നമ്പർ ഉത്തരവ് പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റ്.
3. 27.02.2016-ലെ 24520/എസ്റ്റാ സി3/2006/സിആർഡി നമ്പർ നടപടിക്രമം.
4. 26.09.1968-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്.) നമ്പർ 301/68/പി.ഡി.
5. 08.12.2014-ലെ 24520/എസ്റ്റാ. സി3/06/സിആർഡി നമ്പർ നടപടിക്രമം.
6. 10.05.2011-ലെ 14934/എസ്റ്റാ ഡി4/2010/സിആർഡി നമ്പർ ഉത്തരവ് പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റ്.

## ഉത്തരവ്

ഗ്രാമവികസന വകുപ്പിലെ സീനിയർ ക്ലാർക്കുമാരുടെ പരാമർശം (2) പ്രകാരമുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 802 ആയി ഉൾപ്പെട്ടിട്ടുള്ള സീനിയർ ക്ലാർക്കായ ശ്രീമതി സുജ എം.എസ്. 26.03.2008-ന് ക്ലാർക്കായി സേവനത്തിൽ പ്രവേശിക്കുകയുണ്ടായി. ടിയാരിക്ക് സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ചത് പരാമർശം (3) പ്രകാരം 05.06.2015 തീയതിയിലാണ്. എന്നാൽ 29.05.2008 ന് എൽ.ഡി. ടൈപ്പിസ്റ്റായി സർവ്വീസിൽ പ്രവേശിക്കുകയും തുടർന്ന് കാറ്റഗറി മാറ്റത്തിലൂടെ 08.12.2014-ന് സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി സവിത പി.വി. പരാമർശം (2) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ 791 ആയി ഉൾപ്പെട്ടിട്ടുണ്ട്. ആയതിനാൽ പ്രസ്തുത അപാകത പരിഹരിച്ച് സീനിയോരിറ്റി പുനഃക്രമീകരിച്ചുതരുന്നതിനുള്ള നടപടി സ്വീകരിക്കാൻ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

പരാമർശം (4) സർക്കാർ ഉത്തരവ് പ്രകാരം യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിനായി കാത്തുനിൽക്കുന്ന സീനിയർ മോസ്റ്റ് ക്ലാർക്കിന്റെ അത്രയും സർവ്വീസ് കാലയളവ് പൂർത്തീകരിച്ചിട്ടില്ലെങ്കിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് കാറ്റഗറി മാറ്റത്തിന് അർഹതയില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീമതി സവിത പി.വി., ശ്രീമതി സുജ എം.എസ്. എന്നിവരുടെ സർവ്വീസ് രേഖകൾ പരിശോധിച്ചതിൽ ശ്രീമതി സവിത പി.വി. ക്ക് പരാമർശം (5) പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് കാറ്റഗറി മാറ്റം അനുവദിച്ചിരിക്കുന്നു. ടി ഉത്തരവിൽ സ്ഥാനക്കയറ്റത്തിന് അർഹരായിട്ടുള്ള ക്രമ നമ്പർ (1) ആയ ശ്രീമതി കല വി.എസ്., ശ്രീ.സുശീൽകുമാർ എൽ.ആർ. എന്നിവർ നേരത്തെ സ്ഥാനക്കയറ്റത്തിന് പരിഗണിക്കപ്പെട്ടവരും യോഗ്യതയുടെ അഭാവത്തിൽ സ്ഥാനക്കയറ്റം നിഷേധിക്കപ്പെട്ടവരുമാണ്. ടി ഉത്തരവിലെ ക്രമ നമ്പർ (3) ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ. വിനു വി.എസ്. ന്റെ ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി നം.410 ആണ്. മേൽ സാഹചര്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് കാത്തുനിന്നവരിൽ ഏറ്റവും സീനിയർ ആയ ആൾ ശ്രീ.വിനു വി.എസ്. ആണ്. 28.09.2007 തീയതിയിലാണ് ടിയാൻ ജോലിയിൽ പ്രവേശിച്ചത്.

പരാമർശം (5) ഉത്തരവിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചവരിൽ ഏറ്റവും ഒടുവിലായി ഉൾപ്പെട്ടിട്ടുള്ളത് ശ്രീ.ഫ്രാൻസിസ് എം. (സീനിയോരിറ്റി നം.427) ആണ്. ടിയാൻ ജോലിയിൽ പ്രവേശിച്ചത് 02.02.2008 തീയതിയിലാണ്. ആയതിനാൽ ടി സ്ഥാനക്കയറ്റ ഉത്തരവിലെ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിനു കാത്തുനിന്നവരിൽ സീനിയറായ ആദ്യത്തെയും അവസാനത്തെയും ക്ലാർക്കുമാരായ ശ്രീ.വിനു വി.എസ്., ശ്രീ.ഫ്രാൻസിസ് എം. എന്നിവരുടെ അത്രയും സേവന ദൈർഘ്യം ശ്രീമതി സവിത പി.വി. എൽ.ഡി/യു.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലായി ഉത്തരവ് തീയതിയിൽ ആർജ്ജിച്ചിട്ടില്ലെന്ന് വ്യക്തമാകുന്നു. ഈ സാഹചര്യത്തിൽ ടി ഉത്തരവിൽ ശ്രീമതി സവിത പി.വി.ക്ക് പരാമർശം (5) പ്രകാരം 08.12.2014 തീയതി പ്രാബല്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് കാറ്റഗറിമാറ്റം അനുവദിച്ചിട്ടുള്ളത് പരാമർശം(4) സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.

പരാമർശം (3) ഉത്തരവുപ്രകാരമാണ് സീനിയോരിറ്റി ലിസ്റ്റ് 427 ന് താഴെയുള്ള ക്ലാർക്കുമാർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുള്ളത്. ടി ഉത്തരവിൽ ക്രമനം.(9) ആയിട്ടുള്ള ശ്രീമതി രാജി ജോൺ സ്ഥാനക്കയറ്റത്തിനായി കാത്തുനിന്ന ഏറ്റവും സീനിയറായ ക്ലാർക്കാണ്. ടിയാൾ ജോലിയിൽ പ്രവേശിച്ചത് 23.02.2008 തീയതിയിലാണ്. ഇതേ ഉത്തരവിൽ ക്രമനം.15 ആയി സ്ഥാനക്കയറ്റം ലഭിച്ച ശ്രീ.ഷമീർ പി.വി. ജോലിയിൽ പ്രവേശിച്ചത് 28.04.2008 തീയതിയിലാണ്. ഈ സാഹചര്യത്തിൽ 29.05.2008 ന് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി സവിത പി.വി.ക്ക് 22.08.2008 ന് സേവനത്തിൽ പ്രവേശിച്ച് 05.06.2015 പ്രാബല്യത്തിൽ പരാമർശം (3) പ്രകാരമുള്ള ഉത്തരവിൽ സ്ഥാനക്കയറ്റം നൽകിയിട്ടുള്ള ശ്രീമതി മഞ്ജുഷ കെ. യോടൊപ്പമാണ് കാറ്റഗറി മാറ്റത്തിന് അർഹതയുള്ളത്. മേൽ സാഹചര്യത്തിൽ ശ്രീമതി സവിത പി.വി.യുടെ സീനിയോരിറ്റി നമ്പർ 791 എന്നതിൽ നിന്നും 805(A) എന്നാക്കി ക്രമപ്പെടുത്തിക്കൊണ്ടും പരാമർശം (2) ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:

1. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും
2. എല്ലാ പ്രോജക്ട് ഡയറക്ടർമാർക്കും
3. എല്ലാ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർക്കും
4. ഗ്രാമവികസന കമ്മീഷണറുടെ സി.എ.യ്ക്ക്
5. പി.&എം. സെക്ഷൻ, ഗ്രാമവികസന വകുപ്പ്
   (ഗ്രാമവികസന വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

കെ.ജി